## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **11-02-2025 - ൽ മറുപടിയ്ക്ക്**

## ജല മാനേജ്മെന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എ. രാജ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജല മാനേജ്മെന്റിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ജല മാനേജ്മെന്റിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. കേരള സംസ്ഥാനത്തിനുള്ളിൽ ജലസ്രോതസ്സുകൾ കുറഞ്ഞുവരുന്നതും കാലാവസ്ഥാ വ്യതിയാനങ്ങൾ ആവർത്തിച്ച് സംഭവിക്കുന്നതും കണക്കിലെടുത്ത് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിലും നിയന്ത്രണ രീതികളിലും കാര്യക്ഷമമായ മാനേജ്മെന്റ് നടപ്പിലാക്കുക.<br><br>2. ഓരോ നദീതടങ്ങൾക്കും സംയോജിത സംസ്ഥാന ജല പദ്ധതികൾ / മാസ്റ്റർ പ്ലാനുകൾ വികസിപ്പിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ സംയോജിത നദീതട മാനേജ്മെന്റ് പ്ലാൻ (IRBMP) സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കുക.<br><br>3. ഉപരിതല, ഭൂഗർഭജല, ഗുണനിലവാരം സംരക്ഷിക്കുക.<br><br>4. സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ പ്രസക്തമായ സർക്കാർ ഭരണകൂടങ്ങൾക്കിടയിൽ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട നിലവിലുള്ള തന്ത്രങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.<br><br>5. തിരഞ്ഞെടുത്ത നദീതടങ്ങളിൽ ജലസ്രോതസ്സുകളുടെ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികളും ഇടപെടലുകളും ആരംഭിക്കുക.<br><br>6. ജലസ്രോതസ്സുകളുടെ മാനേജ്മെന്റുമായി ബന്ധപ്പെട്ട ഡാറ്റ, വിവരങ്ങൾ, തീരുമാനങ്ങൾ, മികച്ച രീതികൾ, പഠിച്ച പാഠങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | | | ജലസംരക്ഷണവുമായി ബന്ധപ്പെട്ടു കിടക്കുന്ന വകുപ്പുകളുമായി പങ്കിടുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക.<br><br>7. ലഭ്യമായ വെള്ളം ദുരുപയോഗം ചെയ്യാതെ കാര്യക്ഷമമായി ഉപയോഗിക്കുക, ലഭ്യമാകുന്ന മഴവെള്ളം സംരക്ഷിച്ചും മലിനീകരിക്കപ്പെടാതെ പരിരക്ഷിച്ചും ശുദ്ധീകരിച്ചും ഉപഭോഗം ക്രമപ്പെടുത്തിയും ആവശ്യങ്ങൾ നിറവേറ്റുക, ജലസ്രോതസ്സുകൾ മാലിന്യ മുക്തമായി സംരക്ഷിക്കുക, അനിയന്ത്രിതമായ ജലചൂഷണം തടയുക. |
| (ബി) | സംസ്ഥാനത്ത് ജല മാനേജ്മെന്റ് ഫലപ്രദമായി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിലെ ജലസ്രോതസ്സുകളെ കുറിച്ച് വിശദമായ പഠനം നടത്തുന്നതിന്റെ ഭാഗമായി ഓരോ പഞ്ചായത്തുകൾക്കും വാട്ടർ ഷെഡ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനുകളിൽ മൈക്രോ വാട്ടർഷെഡ് ലെവൽ വരെയുള്ള ജലസ്രോതസ്സുകളുടെ സംക്ഷിപ്ത സാഹചര്യങ്ങൾ ഉൾപ്പെടുന്നു. ഫലപ്രദമായ ജലവിഭവ പരിപാലനത്തിനായി ഇതുവരെ നടത്തിയിട്ടുള്ള വിവിധ ഇടപെടലുകളുടെ വിശദാംശങ്ങളും പുതിയ നിർദ്ദേശങ്ങളും ഈ മാസ്റ്റർ പ്ലാനുകളിലുണ്ട്. കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാന ജലവിഭവ വകുപ്പ് മൈനർ ഇറിഗേഷൻ സെൻസസ്, വാട്ടർ ബോഡി സെൻസസ് എന്നിവ 5 വർഷം കൂടുമ്പോൾ നടത്തുന്നു. അതിൽ സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളുടെയും സമഗ്രമായ ഡാറ്റയും സ്റ്റാറ്റസും സ്റ്റാറ്റിസ്റ്റിക്സും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് ആയി പ്രസിദ്ധീകരിക്കുന്നു.<br><br>നദീതടങ്ങളിലുടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM-Integrated Water Resources Management) നടപ്പിലാക്കുന്നതിനും, നേരിടുന്ന വൈവിധ്യമാർന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുമുള്ള ആധികാരിക ഗൈഡായി പ്രവർത്തിക്കുന്നതിനുവേണ്ടി “OPERATIONAL FRAME WORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT“ ന്റെ കരട് തയ്യാറാക്കിവരുന്നു.<br><br>പ്രധാന ജലസംഭരണികളായ അണക്കെട്ടുകളുടെ ജലനിരപ്പ് ക്രമീകരിക്കു ന്നതിന് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കുന്നതിലൂടെ പ്രളയ സാധ്യത കുറച്ച് ജലമാനേജ്മെന്റ് ഫലപ്രദമാക്കി വരുന്നു. അണക്കെട്ടുകളിൽ നിന്നും കനാലുകളിലൂടെ കൃഷിയിടങ്ങളിലേക്ക് ജലം തുറന്നു വിടുമ്പോൾ |

പാടശേഖരസമിതികൾ/Water User's Association എന്നിവ ജലസേചന എഞ്ചിനീയർ/അഗ്രികൾച്ചർ ഓഫീസർ എന്നിവരുടെ നിർദ്ദേശമനുസരിച്ച് ജല ഉപയോഗം ക്രമപ്പെടുത്തി ജലമാനേജ്മെന്റ് നടപ്പിലാക്കി വരുന്നു. നീർത്തടാധിഷ്ഠിത ജലസംരക്ഷണ പരിപാലന പ്രവൃത്തികളാണ് ഹരിതകേരളം മാസ്റ്റർ പ്ലാനിൽ ആസൂത്രണം ചെയ്തിട്ടുള്ളത് . കൂടാതെ ജല ബഡ്ജറ്റിംഗ് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഹരിതകേരള മിഷൻ, CWRDM എന്നിവയുമായി സംയോജിച്ച് നടപ്പിലാക്കി വരുന്നു.

ചെറുസംഭരണികളായ ചെക്ക് ഡാമുകളിൽ ജലനിരപ്പ് നിശ്ചിത അളവിൽ നിലനിർത്താനാകുന്നത് വരൾച്ച തടയുന്നതിന് പ്രയോജനപ്പെടുന്നുണ്ട്. പുഴകൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള റെഗുലേറ്ററുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്ന് വരുന്നതിലൂടെ ഉപ്പ് വെള്ളം കൃഷിയിടങ്ങളിലേക്ക് എത്തുന്നത് തടയുവാനും തടസ്സമില്ലാത്ത തരത്തിൽ ജലവിതരണം നടപ്പിലാക്കുന്നതിനും സാധിക്കുന്നുണ്ട്. ജലമാനേജ്മെന്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് വർഷം തോറും ഡാമിന്റെയും റെഗുലേറ്ററുകളുടേയും ജലവിതരണ കനാലുകളുടേയും അറ്റകുറ്റപണികൾ നടത്തി വരുന്നുണ്ട്. കാലവർഷത്തിന് മുന്നോടിയായും കാലവർഷത്തിന് ശേഷവും മഴക്കാല മുന്നൊരുക്ക പ്രവൃത്തികൾ നടത്താറുണ്ട്. ജലസംഭരണത്തിനായും വെള്ളപൊക്ക നിയന്ത്രണത്തിനായും താൽകാലിക ചിറകൾ നിർമ്മിക്കാറുണ്ട്. വിവിധ പുഴ മാപിനികളിൽ നിന്നും മഴ മാപിനികളിൽ നിന്നും ഏത് സാഹചര്യത്തിലും (ഉദാ:വെള്ളപ്പൊക്കം, പ്രളയം, പ്രകൃതി ദുരന്തങ്ങൾ) ഇടതടവില്ലാതെ ഡാറ്റ ശേഖരിക്കുകയും ആവശ്യ ഘട്ടങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറുകയും ചെയ്യുന്നു.

കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. പുഴകൾക്ക് കുറുകെ സ്ഥിരം/ താൽക്കാലിക തടയണകൾ കെട്ടി ശുദ്ധജല വിതരണത്തിനായി ജലം ലഭ്യമാകുന്നു. ആയത് ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനും കാരണമാകുന്നു.

2. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് ആവശ്യാനുസരണം പമ്പിങ് സംവിധാനം ഒരുക്കുന്നു.

| | | | |
|---|---|---|---|
| | | | ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ CWRDMന്റെ സാങ്കേതിക പിന്തുണയോടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 438 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലെയും ജല ലഭ്യതയും ജല ആവശ്യവും കണക്കാക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ജലബജറ്റിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ Integrated Water Resources Management (IWRM) സംയോജിത ജല വിഭവ പരിപാലന തത്വങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തിയാണ് ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നത്.<br><br>സംസ്ഥാനത്തിന്റെ പ്രത്യേകതയായ ഉപേക്ഷിക്കപ്പെട്ട ക്വാറികളിലെ വെള്ളം ജലസേചനത്തിനും റീചാർജ്ജിംഗിനും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള ആദ്യ പദ്ധതി കൊട്ടാരക്കരയിലെ കരീപ്രയിൽ ആരംഭിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു. ഉപയോഗപ്പെടു ത്താവുന്ന 286 ക്വാറികൾ കണ്ടെത്തിയിട്ടുണ്ട്.<br><br>ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് തടയുന്നതിനായി ജല നിർഗ്ഗമനം സുഗമമാക്കുന്നതിന് 'ഇനി ഞാനൊഴുകട്ടെ' എന്ന ക്യാമ്പയിൻ നടന്നു വരുന്നു.<br><br>ഭൂജലവകുപ്പ് മുഖേന ഭൂജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽക്കൂരയിൽ ലഭിക്കുന്ന മഴവെള്ളം ശേഖരിച്ച് ഭൂമിയിലേക്ക് വിടുന്ന പദ്ധതികളും, മഴവെള്ളം ഫിൽറ്റർ മീഡിയയിലൂടെ അരിച്ച് കിണറിലേക്ക് കടത്തി വിടുന്ന പദ്ധതികളും ഇപ്രകാരം ചെയ്തു വരുന്നു. വർഷം തോറും പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഏകദേശം എഴുപതോളം പദ്ധതികൾ ചെയ്യാറുണ്ട്.<br><br>കൂടാതെ മഴവെള്ളം ഒഴുക്കി കളയാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ജല മലിനീകരണവും ദുരുപയോഗം തടയുക എന്നിവയെ സംബന്ധിച്ച് ഭൂജല വകുപ്പ് മുഖേന പൊതുജനങ്ങൾ, ജനപ്രതിനിധികൾ, കർഷകർ, വിദ്യാർത്ഥികൾ എന്നിവർക്കായി ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. |
| (സി) | ജലവിഭവ വകുപ്പിന്റെ പ്രവർത്തനം ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ; | (സി) | ജലവിഭവ വകുപ്പിന്റെ പ്രവർത്തനം ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ പറയുന്നു. |

**1.PRICE (Project Information & Cost Estimation) സംവിധാനം**

ജലസേചന വകുപ്പിൽ കൈകാര്യം ചെയ്യുന്ന പ്രവൃത്തികളുടെ Estimate തയ്യാറാക്കുന്നതിനും Administrative Technical sanction നൽകുന്നതിനുമായി February 2016-ൽ PRICE എന്ന ഡിജിറ്റൽ സംവിധാനം നടപ്പിലാക്കി. ക്രമേണ ആവശ്യാനുസൃതമായ മാറ്റങ്ങൾ പ്രസ്തുത software ൽ വരുത്തുകയും നിലവിൽ പ്രവൃത്തികളുടെ DPR തയ്യാറാക്കുന്നതു മുതൽ ബിൽ സമർപ്പണം വരെയുള്ള കാര്യങ്ങൾ PRICE വഴി ചെയ്യുവാനും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കി നടപ്പിലാക്കുന്നതിന് സാധിയ്ക്കുകയും ചെയ്തു.

**2.e-office**

ജലസേചന വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനു Online - ആയി ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള Digital സംവിധാനമായ e-office -ഉം ജലസേചന വകുപ്പിൽ നടപ്പിലാക്കി. സെൻട്രൽ രജിസ്ട്രി യൂണിറ്റുകൾ (CRU) വഴി ഇന്റർ / ഇൻട്രാ, പബ്ലിക് മെയിൽ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഡിവിഷൻ ലെവൽ വരെയുള്ള എല്ലാ ഓഫീസുകൾക്കും ജീവനക്കാരുടെ മാസ്റ്റർ ഡാറ്റ ശേഖരണം പൂർത്തിയാക്കി അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഡിവിഷൻ ലെവൽ മുതൽ അമ്പത്തിയൊന്ന് സബ് ഡിവിഷനുകൾ വരെയുള്ള എല്ലാ ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും VPN ആക്സസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഡിവിഷൻ തലം വരെയുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് പരിശീലനം നൽകിയിട്ടുണ്ട്. ഫീൽഡ് ഓഫീസുകളിൽ നിന്നുള്ള അപേക്ഷകൾക്ക് അനുസരിച്ച് ജീവനക്കാർക്കായി നിരവധി പ്രായോഗിക പരിശീലന സെഷനുകൾ നടത്തിയിട്ടുണ്ട്.

**3.ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലും ജില്ലാ കേന്ദ്രങ്ങൾ, താലൂക്ക് കേന്ദ്രങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്ന കാര്യാലയങ്ങളിലും ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുകയും സ്പാർക്കുമായി ബന്ധിപ്പിക്കുകയും ചെയ്തു. വകുപ്പിന് കീഴിലെ മുഴുവൻ കാര്യാലയങ്ങളിലും

ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി മൂന്നു കോടി രൂപയുടെ ഭരണാനുമതി നൽകിയതിനെ തുടർന്ന് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു .

**4. പരിശീലന പരിപാടികൾ**

ജലസേചന വകുപ്പിന് കീഴിൽ ടെക്നിക്കൽ/ നോൺ ടെക്നിക്കൽ വിഭാഗത്തിലെ ജീവനക്കാർക്ക് നിലവിൽ ഉള്ളതും പുതുതായി പ്രഖ്യാപിക്കുന്നതുമായ പദ്ധതികളെക്കുറിച്ചു അറിവ് നൽകുന്നതിനും അവ നടപ്പിലാക്കാനാവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും കാലാകാലങ്ങളിൽ വരുന്ന ഭേദഗതിയെ ക്കുറിച്ചു മനസ്സിലാക്കുന്നതിനും ചുവടെ ചേർക്കുന്ന അവബോധന പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. അതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു

1. ഇൻഡക്ഷൻ ട്രെയിനിങ് ഫോർ അസിസ്റ്റന്റ് എൻജിനീയേഴ്സ് ആൻഡ് ഡ്രാഫ്റ്റ്സ്മാൻ

2. ട്രെയിനിങ് ഫോർ ഇ- ഓഫീസ്

3. ട്രെയിനിങ് ഫോർ പ്രൈസ്-3 സോഫ്റ്റ്‌വെയർ

4.പെർഫോമൻസ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം ഫോർ ക്ലർക്സ്

5. ട്രെയിനിങ് ഫോർ RTI

കൂടാതെ Institute of Management in Government (IMG), *Kerala State Remote Sensing and Environment Centre(*KSREC), Centre for Water Resources Development and Management(CWRDM), *Kerala Institute of Local Administration (*KILA), *National Council for Cement and Building Materials (*NCCBM), *Engineering Staff College of India (*ESCI), *National Water Academy(*NWA) തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന ട്രെയിനിങ് പ്രോഗ്രാമുകളിലേക്കും ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കാറുണ്ട്.

**5. ഓൺലൈൻ സംവിധാനങ്ങൾ**

ഉപഭോക്താക്കൾക്ക് കുടിവെള്ളം ലഭിക്കാത്തതിനെ കുറിച്ചോ പൈപ്പ് ലൈൻ ലീക്കുകളെ കുറിച്ചോ ജല അതോറിറ്റിയെ അറിയിക്കുന്നതിനും ആയത് സമയ ബന്ധിതമായി പരിഹരിക്കുന്നതിനുമായി അകാല്യം

| | | | |
|---|---|---|---|
| | | | സോഫ്റ്റ്‌വെയർ സംവിധാനം കേരള ജല അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ജനങ്ങൾക്ക് നേരിട്ട് ഹെൽപ് ലൈൻ നമ്പരിൽ ബന്ധപ്പെട്ട പരാതി രജിസ്റ്റർ ചെയ്യുവാനും പരാതി പരിഹാരത്തിന്റെ നിജസ്ഥിതി മനസ്സിലാക്കു വാനും സാധിക്കും. അതോറിറ്റിയുടെ റവന്യൂ കളക്ഷന് വേണ്ടി ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ കാലാനുസൃതമായി പരിഷ്കരിച്ച് പുതിയ സോഫ്റ്റ് വെയർ നിർമ്മിക്കുവാൻ ആരംഭിച്ചിട്ടുണ്ട്.<br><br>പ്രോജക്ടുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും മറ്റുമായി പുതിയ ഒരു സോഫ്റ്റ്‌വെയർ 'പ്രവാഹക്' തയ്യാറാക്കി വരുന്നു.<br><br>ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ ജലശുദ്ധീകരണശാലകൾ നിർമ്മിച്ച് വരുന്നു. വിവിധ പമ്പ് ഹൗസുകളിൽ ഓട്ടോമേഷൻ സംവിധാനം നടപ്പിലാക്കി വരുന്നു. കൂടാതെ പമ്പ് ഹൗസുകളിൽ സി.സി.ടി.വി. ക്യാമറകളും സ്ഥാപിച്ചു വരുന്നുണ്ട്. കാലപ്പഴക്കം ചെന്ന എ.സി / പ്രിമോ / പി.വി.സി പൈപ്പുകൾ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി മാറ്റി പുതിയ ഗുണനിലവാരമുള്ള ഡി.ഐ പൈപ്പുകൾ സ്ഥാപിച്ചു വരുന്നു. മറ്റു വകുപ്പുകളുമായും, ജനപ്രതിനിധികളുമായുമുള്ള അവലോകന യോഗങ്ങൾ കൂടി കാര്യക്ഷമത കൂട്ടാനുള്ള നടപടികൾ എടുത്തു വരുന്നു.<br><br>വാട്ടർ കണക്ഷൻ നൽകുന്നതിനായി ഇ ടാപ്പ് എന്ന ഓൺലൈൻ സംവിധാനം മുഖേന അപേക്ഷ സ്വീകരിച്ച് കണക്ഷൻ നൽകി വരികയാണ്. നിശ്ചിത ഇടവേള കളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കണ്ട്രോൾ വിഭാഗം നടത്തി സാമ്പിൾ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ജലവിഭവ വകുപ്പിനു കീഴിലുള്ള വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് സന്ദർശനത്തിന് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ജലസേചന വകുപ്പിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടമായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറെയും Nodal Implementing Agency -യായി KIIDC-നെയും ചുമതലപ്പെടുത്തുകയും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ വരുന്ന വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ, സ്ഥലങ്ങളിലുള്ള നിർമിതികൾ പൊതുജനങ്ങൾക്ക് |

സന്ദർശനത്തിന് അവസരം ഒരുക്കുന്നതോടൊപ്പം അതോറിറ്റിയുടെ ജല ഇതര വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.

ജലവിഭവ വകുപ്പിന് കീഴിലുള്ള പല വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ഥിരമായ വരുമാന മാർഗങ്ങൾ എന്ന നിലയിൽ മികച്ച വിജയം നേടിയതിന്റെ അടിസ്ഥാനത്തിലും, വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട്, സർക്കാരിന് യാതൊരുവിധ ചെലവും വരുത്താതെ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ബാരേജിൽ ₹25.412 കോടി രൂപയുടെ 'ഇറിഗേഷൻ - ടൂറിസം' പദ്ധതി നടപ്പിലാക്കാനുള്ള അനുമതിയും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിൽ ₹161.00 കോടി രൂപയുടെ 'ഇറിഗേഷൻ - ടൂറിസം' പദ്ധതി നടപ്പിലാക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള ഡാമും അനുബന്ധ ഓഫീസ് കെട്ടിടങ്ങളും ഒഴിച്ചുള്ള ജലവിഭവ വകുപ്പിന്റെ പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദമായിട്ടാണ് പദ്ധതി ആവിഷ്കരിക്കുന്നത്. എഫ്.എസ്.ഐ.ടി. റീഡിഫൈൻ ഡെസ്റ്റിനേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു .

**1. <u>ഭൂതത്താൻകെട്ട് ബാരേജ്, എറണാകുളം</u>**

ഭൂതത്താൻകെട്ട് ബാരേജ് ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 5 ശതമാനം സർക്കാരിന് ലഭിക്കും. 2 വർഷം കൊണ്ട് പദ്ധതി ഘടകങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച്, 30 വർഷത്തേക്കാണ് പദ്ധതി നടത്തിപ്പ് കാലയളവ് .

**2. <u>കാഞ്ഞിരപ്പുഴ ഡാം, പാലക്കാട്</u>**

കാഞ്ഞിരപ്പുഴ ഡാം ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 3 ശതമാനം സർക്കാരിന് ലഭിക്കും. 2 വർഷം കൊണ്ട് പദ്ധതി ഘടകങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച്, 30 വർഷത്തേക്കാണ് പദ്ധതി നടത്തിപ്പ് കാലയളവ് .

3. **<u>വാഴാനി ഡാം</u>** - വാഴാനി ഡാമിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ്കമ്മിറ്റി (DMC) മുഖേന ഡി.ടി.പി.സി. ആണ് ടൂറിസം പ്രവർത്തനങ്ങൾ ചെയ്യുന്നത്. ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി

| | | | |
|---|---|---|---|
| | | | ഇറിഗേഷൻ പ്രൊജക്ട് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി (IPTMC) രൂപീകരിക്കുന്നതിന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>4. **ചിമ്മിനി ഡാം** - ചിമ്മിനി ഡാമിൽ ടൂറിസം പ്രവർത്തനങ്ങൾക്കായി ഇറിഗേഷൻ പ്രൊജക്ട് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി (IPTMC) രൂപീകരിച്ചിട്ടുണ്ട്.<br><br>5. **മലങ്കര ഡാം** - ജലവിഭവ വകുപ്പിന്റെയും, ഇടുക്കി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും സംയുക്ത നേതൃത്വത്തിൽ മലങ്കര ഡാമിൽ ടൂറിസം ഹബ്ബ് പ്രവർത്തിക്കുന്നുണ്ട് .<br><br>**6. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം** ഈ പദ്ധതിയുടെ കീഴിൽ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം നിലവിൽ തന്നെ ടൂറിസം ഡെസ്റ്റിനേഷൻ ആയി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി Irrigation Project Tourism Management Committee (IPTMC) രൂപീകരിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു. കൂടാതെ തുമ്പൂർമൂഴി ഉദ്യാനവും മറ്റ് ഡിടിപിസി യുടെ സഹകരണത്തോടുകൂടി ടൂറിസം ആവശ്യങ്ങൾക്കായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. തുമ്പൂർമൂഴിയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവ് മുൻകൂട്ടി ബുക്ക് ചെയ്യുന്നതനുസരിച്ച് പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട് .<br><br>**7. പെരിയാർവാലി ജലസേചന പദ്ധതി** പെരിയാർവാലി ജലസേചന പദ്ധതിയുടെ ആലുവ ഓഫീസ് കോമ്പൗണ്ടിനോട് ചേർന്ന് കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി പൂന്തോട്ടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**8. മണിയാർ ബാരേജ് -** സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്ന് വിനോദ സഞ്ചാരം നടത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഇവ കൂടാതെ ഇടുക്കി ജില്ലയിലെ കാഞ്ഞാർ - കോളപ്ര, കൊല്ലം ജില്ലയിലെ തെന്മല ഡാം, തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം എന്നിവിടങ്ങളിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു . |

സെക്ഷൻ ഓഫീസർ